സിഡ്നിയിൽ സച്ചിന്റെ മകന്റെ ആൾറൗണ്ട് മികവ്

സിഡ്നി : സച്ചിൻ ടെൻഡുൽക്കർ അവിസ്മരണീയമായ ഇന്നിംഗ്സുകൾ കളിച്ചിട്ടുള്ളസിഡ്നി ക്രിക്കറ്റ് ഗ്രൗണ്ടിൽ മകൻ അർജ്ജുൻ ടെൻഡുൽക്കറുടെ പടയോട്ടം.

സ്പിരിറ്റ് ഒഫ് ക്രിക്കറ്റ് ഗ്ലോബൽ ചലഞ്ച് ടൂർണമെന്റിൽ ക്രിക്കറ്റ് ക്ലബ് ഒഫ് ഇംഗ്ലണ്ടിനുവേണ്ടി കളിക്കാനിറങ്ങിയ അർജ്ജുൻ ട്വന്റി-20 മത്സരത്തിൽ 27 പന്തുകളിൽ നിന്ന് 48 റൺസടിക്കുകയും നാല് വിക്കറ്റ് വീഴ്ത്തുകയുമാണ് ചെയ്തത്.

www.keralakaumudi.com www.facebook.com/keralakaumudi

രണ്ടാം ടെസ്റ്റ് നാളെ മുതൽ

സെഞ്ചൂറിയൻ: ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെ സെഞ്ചൂറിയനിൽ തുടങ്ങും. കേപ്ടൗണിൽ നടന്ന ആദ്യടെസ്റ്റിൽ ഇന്ത്യയെ 72 റൺസിന് ആതിഥേയർ കീഴടക്കിയിരുന്നു. ദക്ഷിണാഫ്രിക്കൻ പേസർമാരുടെ തീ പാറുന്ന പന്തുകൾക്ക് മുന്നിൽ ബാറ്റിംഗ് നിര തകർന്നടിഞ്ഞതാണ് പരാജയത്തിന് കാരണമായത്. ഈ തോൽവിയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടാകും കൊഹ്ലിയും ശാസ്ത്രിയും ഇന്ത്യൻ ടീമിനെ ഒരുക്കുക. കേപ്ടൗണിൽ നിരാശപ്പെടുത്തിയ ഓപ്പണർ ശിഖർധവാന് പകരം രാഹുൽ കളിച്ചേക്കും. എന്നാൽ രോഹിത്ശർമ്മയെ മാറ്റാനിടയില്ല. അതേസമയം പാർത്ഥിവ് പട്ടേലിനെ ഓപ്പണറായി ഇറക്കി രോഹിതിനും രഹാനെയ്ക്കും ഒരുമിച്ച്അവസരം നൽകാനും സാദ്ധ്യതയുണ്ട്. പേസ് ബൗളർമാരിൽ വലിയ മാറ്റമുണ്ടാകാനിടയില്ല. ഒരുപക്ഷേ അശ്വിനെ ഒഴിവാക്കി ഇശാന്ത്ശർമ്മയെക്കൂടി കളിപ്പിക്കാൻ സാദ്ധ്യതയുണ്ട്.

ഐ.എസ്.എൽ: ഗോവയ്ക്ക് ജയം

മഡ്ഗാവ്: ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാളിൽ ഇന്നലെ നടന്ന മത്സരത്തിൽ എഫ്.സി ഗോവ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ജംഷഡ്പൂർ എഫ്.സിയെ തോൽപ്പിച്ചു. മാനുവൽ ലാൻസറോട്ടിയുടെ ഇരട്ടഗോളുകളാണ് ഗോവയ്ക്ക് ജയമൊരുക്കിയത്. 45-ാം മിനിറ്റിൽ ലഭിച്ച പെനാൽറ്റി ഗോളാക്കി ലാൻസറോട്ടി ഗോവയ്ക്ക് ലീഡ് നൽകി. എന്നാൽ 54-ാം മിനിറ്റിൽ ടിൻഡാഡ് ഗോൾസാൽവസിലൂടെ ജംഷഡ്പൂർ സമനില നേടി. തുടർന്ന് 59-ാം മിനിറ്റിൽ വീണ്ടും ജംഷഡ്പൂരിന്റെവലയിൽപന്തെത്തിച്ച്ലാൻസറോട്ടിഗോവയുടെ ജയമുറപ്പിക്കുകയായിരുന്നു. പോയിന്റ്ടേബിളിൽ ഗോവ നാലാംസ്ഥാനത്തും ജംഷഡ്പൂർ ഏഴാംസ്ഥാനത്തുമാണ്.

കേരളത്തിന് തോൽവി

വിശാഖപട്ടണം : ആന്ധ്രയ്ക്കെതിരായ സെയ്ദ് മുഷ്താഖ് അലി ട്രോഫി ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ കേരളത്തിന് ആറ് വിക്കറ്റ് തോൽവി. ആദ്യം ബാറ്റ് ചെയ്ത കേരളം 12 ഓവറിൽ 120 റൺസിന് ആൾ ഔട്ടായി. ആന്ധ്ര 13 ഓവറിൽ 126/4 എന്ന സ്കോറിലെത്തുകയായിരുന്നു.

അണ്ടർ-19 ലോകകപ്പ് നാളെ മുതൽ

ഹാമിൽട്ടൺ : അണ്ടർ-19 ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ നാളെ ന്യൂസിലൻഡിൽ തുടക്കമാകും. അഫ്ഗാനിസ്ഥാനും പാകിസ്ഥാനും തമ്മിലാണ് ആദ്യ മത്സരം. ഞായറാഴ്ച ആസ്ട്രേലിയയ്ക്ക് എതിരെയാണ് ഇന്ത്യയുടെ ആദ്യമത്സരം.

യെറിമിന ബാഴ്സയിൽ

മാഡ്രിഡ് : ബ്രസീലിയൻ ക്ലബ് പാൽമിറാസിൽ നിന്ന് കൊളംബിയൻ സൈക്കർ യെറി മിനയെ സ്പാനിഷ് ക്ലബ്ബാഴ്സലോണ സ്വന്തമാക്കി. 140 ലക്ഷം ഡോളറാണ് വില നൽകിയത്.

സ്റ്റോക്ക്സ് ടെസ്റ്റ് ടീമിൽ

സിഡ്നി : ന്യൂസിലൻഡ് പര്യടനത്തിലെ ടെസ്റ്റ് മത്സരങ്ങൾക്കുള്ള ഇംഗ്ലണ്ട് ടീമിൽ ആൾറൗണ്ടർ ബെൻ സ്റ്റോക്സിനെ ഉൾപ്പെടുത്തി. നൈറ്റ് ക്ലബിൽ അടിയുണ്ടാക്കിയതിന്റെ പേരിൽ ആഷസ് പരമ്പരയിൽ നിന്ന് വിട്ടനിൽക്കുകയായിരുന്ന സ്റ്റോക്സ്.

വൈറ്റ് ആസ്ട്രേലിയൻ ടീമിൽ

സിഡ്നി : ഇംഗ്ലണ്ടിനെതിരെ നടക്കുന്ന ഏകദിന പരമ്പരയ്ക്കുള്ള ആസ്ട്രേലിയൻ ടീമിൽ പരിക്കേറ്റ ക്രിസ്ലിന്നിന് പകരം കാമറൂൺ വൈറ്റിനെ ഉൾപ്പെടുത്തി.

മ്യൂളൻസ്റ്റീൻ മറന്ന ഹ്യൂമസ്ത്രം

ഏഴ് മത്സരങ്ങളിൽ സ്കോർ ചെയ്യാൻ കഴിയാതിരുന്ന ശേഷമാണ് ഡൽഹിക്കെതിരെ ഹ്യൂം ഹാട്രിക് നേടിയത്.

ഇയാൻ ഹ്യൂം

ഐ. എസ്. എൽ നാലാം സീസണിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ആരാധകർ ഏറ്റവും കൂടുതൽ ത്രില്ലടിച്ചത് ബെർബറ്റോവിന്റെയോ വേസ് ബ്രൗണിന്റെയോ കോച്ച് റെനിമ്യൂളൻ സ്റ്റീനിന്റെയോ വരവിനായിരുന്നില്ല. തങ്ങളുടെ സ്വന്തം ഹ്യൂമേട്ടന്റെ തിരിച്ചുവരവിലായിരുന്നു. പക്ഷേ മാഞ്ചസ്റ്റർ യുണൈറ്റഡിലെ പരിശീലന രീതികളുമായെത്തിയ റെനി മ്യൂളൻസ്റ്റീൻ ഹ്യൂമിനെ പാടേ മറക്കുകയായിരുന്നു. ഐ.എസ്.എല്ലിലെ കഴിഞ്ഞ മൂന്ന് സീസണുകളിലെയും ഹ്യൂമിന്റെ പ്രകടനം വിലയിരുത്താൻപോലും നിൽക്കാതെ മ്യൂളൻ സ്റ്റീൻ ഹ്യൂമിനെ ഫസ്റ്റ് ഇലവനിൽ നിന്ന് ഒഴിവാക്കിക്കളഞ്ഞു. പലപ്പോഴും അവസാന അഞ്ചുമിനിട്ടിലൊക്കെ കളത്തിലിറങ്ങേണ്ടിവന്ന ഹ്യൂമിന് ഫലമോ കൊമ്പനില്ലാത്ത എഴുന്നള്ളത്തായിപ്പോയി ബ്ലാസ്റ്റേഴ്സിന്റേത്.

നാലാം സീസണിന്റെ പാതിവഴിയിൽ മ്യൂളൻ സ്റ്റീനെ മാളത്തിലേക്ക് തിരിച്ചയച്ചതോടെയാണ് ഹ്യൂമിന്റെ നല്ലകാലം തുടങ്ങിയത്. തന്റെ പഴയ കൂട്ടുകാരൻ ഡേവിഡ് ജെയിംസ് പരിശീലകനായി എത്തുക കൂടി ചെയ്തതോടെ സമയം തെളിഞ്ഞു. ആദ്യ സീസണിൽ ജെയിംസിന്റെ ക്യാപ്ടൻസിക്ക് കീഴിലാളിയിരുന്ന ഹ്യൂം സൂപ്പർ സ്റ്റാറായി മാറിയത്.

ഡൽഹിക്കെതിരായ വിജയത്തോടെബ്ലാസ്റ്റേഴ്സ്പോയിന്റ്നിലയിൽആറാംസ്ഥാനത്തേക്ക് ഉയർന്നിട്ടുണ്ട്. പ്ലേ ഓഫിൽ കളിക്കാൻ ഇനിയും സാദ്ധ്യതയുണ്ട്. ഹ്യൂമും പരിക്കിൽനിന്ന് മോചിതനായെത്തുന്ന സി.കെ. വിനീതുംഒരുമിച്ച പൊരുതിയാൽ ഒരുപക്ഷേ ഇത്തവണ അവസാന നാലിലേക്ക് എത്തിയേക്കാം. അതിനായുള്ള കാത്തിരിപ്പിലാണ് ആരാധകർ.

■ മൊട്ടത്തല പൊട്ടുമ്പോൾ

തലയ്ക്ക് പരിക്കേറ്റ് ചോരയൊഴുകിയിട്ടും ആവേശം വിടാതെ പൊരുതിയാണ് ഡൽഹിയിൽ ഹ്യൂം ഹാട്രിക് അടിച്ചത്. പരിക്കേറ്റപ്പോൾ തലയിൽ ബാൻഡേജ് കെട്ടിയായിരുന്ന ഹ്യൂമിന്റെ കളി. ഇതിന് മുമ്പും ഹ്യൂമിന് ഐ. എസ്.എൽ മത്സരത്തിലിനിടെതലയ്ക്ക് പരിക്കേറ്റിട്ടുണ്ട്. അപ്പോഴും ബാൻഡേജിട്ട് കളി തുടരുകയായിരുന്ന ധൈര്യശാലിയായ ഹ്യൂമേട്ടൻ.

■ കനേഡിയൻ കരുത്ത്

1999ൽ കനേഡിയൻ ക്ലബ്ടാൻമിയർറേവേഴ്സിലൂടെയാണ്ഹ്യൂംപ്രൊഫഷണൽകരിയർതുടങ്ങിയത്.പിന്നീട്ഇംഗ്ലീഷ്ക്ലബ്ലെയ്സ്റ്റർസിറ്റിക്കും ഷെഫീൽഡ്യുണൈറ്റഡിനുമൊക്കെവേണ്ടികളിച്ച കാനഡയ്ക്കുവേണ്ടി 43 മത്സരങ്ങൾ കളിച്ച് ആറ് ഗോളുകൾ നേടി.

■ ഐ.എസ്.എൽ ഗോളടിക്കഥ

2014
- ആദ്യ സീസണിൽ ബ്ലാസ്റ്റേഴ്സിനുവേണ്ടി 16 മത്സരങ്ങളിൽനിന്ന് ഹ്യൂം അഞ്ച് ഗോളുകൾ നേടി.
- ബ്ലാസ്റ്റേഴ്സിനെ ഫൈനലിലെത്തിച്ചതിൽ സുപ്രധാനപങ്ക്.
- ബെസ്റ്റ് പ്ലെയർ ഒഫ് ദ സീസണായി.

2015
- ബ്ലാസ്റ്റേഴ്സിൽ നിന്ന് അത്‌ലറ്റിക്കോ ഡി കൊൽക്കത്തയിലേക്ക് കൂടുമാറി.
- 16 മത്സരങ്ങളിൽനിന്ന് 11 ഗോളുകൾ
- സീസണിലെ ഫിറ്റസ്റ്റ് പ്ലേയറായി.

2016
- മൂന്നാം സീസണിൽ അത്‌ലറ്റിക്കോ ഹ്യൂമിനെ നിലനിറുത്തി.
- ഏഴ് ഗോളുകളുമായി ക്ലബിനെ ചാമ്പ്യന്മാരാക്കി.
- സെക്കൻഡ് ടോപ് സ്കോററുമായി.

2017
- ബ്ലാസ്റ്റേഴ്സിലേക്ക് തിരിച്ചെത്തി.
- എട്ട് മത്സരങ്ങളിൽനിന്ന് മൂന്ന് ഗോളുകൾ

■ ഐ.എസ്.എല്ലിൽ മൂന്ന് ഹാട്രിക്കുകൾ സ്വന്തം പേരിൽ കുറിച്ച താരമാണ് ഇയാൻ ഹ്യൂം.

തിരുവനന്തപുരം എൽ. എൻ. സി. പി. ഇ യിൽ ആരംഭിച്ച സ്പെഷ്യൽ ഒളിമ്പിക്സ് സംസ്ഥാനതല കായിക മേളയുടെ ഉദ്ഘാടന ചടങ്ങിൽ ഗിന്നസ് റെക്കോർഡ് ലക്ഷ്യമിട്ട് മാനസിക വെല്ലുവിളികൾ നേരിടുന്ന 15000 കുട്ടികളും 7000 സ്പെഷ്യൽ സ്കൂൾ ജീവനക്കാരും സാന്റാ തൊപ്പിയുടെ രൂപത്തിൽ അണിനിരന്നപ്പോൾ

ഐ ലീഗ് : ഗോകുലം ഇന്ന് ഇന്ത്യൻ ആരോസിനെതിരെ

കോഴിക്കോട്: ഐ ലീഗ് ഫുട്ബാളിൽ കേരളത്തിന്റെ പ്രതീക്ഷയായ ഗോകുലം എഫ്.സി ഇന്ന് സ്വന്തം തട്ടകമായ കോഴിക്കോട് ഇ.എം.എസ് സ്റ്റേഡിയത്തിൽ ഇന്ത്യൻ ആരോസിനെ നേരിടുന്നു. 10 ടീമുകൾ മാറ്റുരയ്ക്കുന്ന ലീഗിൽ ഒൻപതാമതുള്ള ഗോകുലത്തിന് നിർണായകമാണ് ഈ മത്സരം.

ഈ സീസണിൽ ഏഴ് മത്സരങ്ങളിൽ ഒന്നിൽ മാത്രമേ ഗോകുലത്തിന് വിജയിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഡൽഹിയിൽ നടന്ന മത്സരത്തിൽ ഇന്ത്യൻ ആരോസിനെതിരെയായിരുന്ന ഗോകുലത്തിന്റെ വിജയം. ഒരു മത്സരത്തിൽ സമനില വഴങ്ങിയ ഗോകുലം മറ്റ് അഞ്ച് മത്സരങ്ങളിലും തോൽക്കുകയായിരുന്നു.

അണ്ടർ 17 ലോകകപ്പിൽ കളിച്ച ഇന്ത്യൻ താരങ്ങളെ അണിനിരത്തി ശ്രദ്ധേയരിച്ച ഇന്ത്യൻ ആരോസ് ഒമ്പത് മത്സരങ്ങളാണ് ഇതുവരെ കളിച്ചത്. അതിൽ രണ്ടെണ്ണത്തിലേയിക്കാൻകഴിഞ്ഞുള്ളൂ. ഒരെണ്ണം സമനിലയിലായപ്പോൾ ആറ്മത്സരങ്ങൾതോറ്റു. ഏഴ് പോയിന്റുള്ള ആരോസ്നാല് പോയിന്റുള്ള ഗോകുലത്തെക്കാൾ ഒരുപടിമാത്രം മുന്നിലാണ്.

എവേ മത്സരത്തിൽ വിജയം നേടിയതിന്റെ ആത്മവിശ്വാസത്തിലാണ് ഗോകുലം ഇന്നിറങ്ങുന്നത്. കഴിഞ്ഞയാഴ്ച നടന്ന മത്സരത്തിൽ ഗോകുലം മുൻനിരക്കാരായ മുനർവ പഞ്ചാബിനോട് ഇതേ വേദിയിൽ തോൽവി വഴങ്ങിയിരുന്നു. അവസാനംവരെ പൊരുതിയശേഷമാണ് ഏകപക്ഷീയമായ ഒരു ഗോളിന് തോറ്റത്.

ടിവി ലൈവ്
വൈകിട്ട് 5.30 മുതൽ
സ്റ്റാർ സ്പോർട്സ് 2 ൽ

■ ഇംഗ്ലീഷ് ലീഗ് കപ്പ്

ചെൽസിയെ തളച്ച് ആഴ്സനൽ

ലണ്ടൻ : ഇംഗ്ലീഷ് ലീഗ് കപ്പ് ഫുട്ബാളിന്റെ ആദ്യപാദ സെമിഫൈനലിൽ ആഴ്സനലും ചെൽസിയും ഗോൾരഹിത സമനിലയിൽ പിരിഞ്ഞു. ചെൽസിയുടെ തട്ടകമായ സ്റ്റാംഫോർഡ് ബ്രിജിൽ നടന്ന മത്സരത്തിൽ നിരവധി അവസരങ്ങൾ ഉലച്ചശേഷമാണ് ഇംഗ്ലീഷ് പ്രിമിയർ ലീഗിലെ നിലവിലെ ചാമ്പ്യൻമാരായ ആതിഥേയർ സമനില സമ്മതിച്ചത്. കഴിഞ്ഞ മത്സരങ്ങളിൽ റഫറിമാർക്കെതിരെ പൊട്ടിത്തെറിച്ചതിന് മൂന്ന് മത്സരങ്ങളിൽ ടച്ച്ലൈൻ വിലക്കുള്ള ആഴ്സനൽ പരിശീലകൻ ആർസീൻ വെംഗർ പ്രസ് ബോക്സിൽ പത്ര പ്രവർത്തകർക്കൊപ്പമിരുന്ന് കണ്ടമത്സരത്തിൽ സമനില ആഴ്സനലിന് ആശ്വാസമായിട്ടുണ്ട്. ഈ മാസം 24 നാണ് രണ്ടാംപാദ സെമി.

■ സ്പാനിഷ് കിംഗ്സ് കപ്പ്

റയലിനും സമനില

മാഡ്രിഡ്: ആദ്യപാദത്തിലെ വമ്പൻ വിജയത്തിന്റെ മികവിൽ സ്പാനിഷ് കിംഗ്സ് കപ്പിന്റെ ക്വാർട്ടറിലേക്ക് കടന്നെങ്കിലും രണ്ടാപാദ പ്രീക്വാർട്ടറിൽ സ്വന്തം തട്ടകത്തിൽ രണ്ടാം നിര ടീമായ സ്വമാൻഷയോട് സമനിലയിൽ പിരിഞ്ഞത് റയൽ മാഡ്രിഡിന് കനത്ത ക്ഷീണമായി. സാന്റിയാഗോ ബെർണബ്യൂവിലെത്തി രണ്ടു ഗോളുകൾ നേടിയാണ് സ്വമാൻഷ വിജയതുല്യമായ സമനില നേടിയെടുത്തത്. ആദ്യപാദ പ്രീക്വാർട്ടറിൽ എതിരില്ലാത്ത അഞ്ചു ഗോളുകൾക്ക് സ്വമാൻഷയെ റയൽ തോൽപ്പിച്ചിരുന്നു. മത്സരത്തിൽ ലൂക്കാസ്വസ്ക്കേസ് റയലിനായി ഇരട്ട ഗോളുകൾ നേടിയപ്പോൾ സ്വമാൻഷയ്ക്കായി ഗ്വില്ലർമോ ഫെർണാണ്ടസ് ഇരട്ട ഗോളുകൾ നേടി.

കുട്ടികൾ കളി പഠിച്ചില്ലെങ്കിലെന്താ, വമ്പന്മാരുടെ കുംഭ കുറയുന്നില്ലേ?

●ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലെ ബാഡ്മിന്റൺ കോർട്ടുകൾ അടക്കിഭരിച്ച് ബുക്കിംഗ് ലോബി

അൻസാർ എസ്. രാജ്

ദേശീയ ഗെയിംസിന്റെ ഭാഗമായി കോടികൾ പൊതുഖജനാവിൽ നിന്ന് ചെലവഴിച്ച് നവീകരിച്ച തിരുവനന്തപുരം ജിമ്മിജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഭാവിതലമുറയ്ക്ക് പരിശീലനം നൽകുന്നതിനെക്കാൾ പ്രാധാന്യത്തോടെ നടക്കുന്നത് വമ്പൻമാരുടെകുംഭകുറയ്ക്കുന്നതിനുള്ള ബാഡ്മിന്റൺ കളി. എന്നാൽ ജിമ്മി ജോർജിൽ ബാഡ്മിന്റൺ കളിക്കാൻ പണമടച്ച്അവസരംതേടിയെത്തുന്ന സാധാരണക്കാർക്ക് അതിന് കഴിയുന്നുമില്ല. സ്റ്റേഡിയം അധികൃതരുടെ ഒത്താശയോടുകൂടി ചില ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർക്കും ബിസിനസ് പ്രമുഖർക്കുമുള്ള വിനോദ-വ്യായാമ വേദിയായി മാറിയിരിക്കുകയാണ് ഇന്ത്യ കണ്ട മഹാനായ കായിക താരത്തിന്റെ പേരിലുള്ള ഇൻഡോർ സ്റ്റേഡിയം.

ദേശീയ ഗെയിംസിനായി പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് പകരം പഴയ സ്റ്റേഡിയങ്ങൾ നവീകരിക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ അറിയിച്ചിരുന്നത് ഗെയിംസ് കഴിഞ്ഞാൽ ഈ സ്റ്റേഡിയങ്ങൾ കുട്ടികൾക്ക് സൗജന്യമായി കായിക പരിശീലനത്തിന് നൽകുമെന്നാണ്. എന്നാൽ ജിമ്മി ജോർജ് അടക്കമുള്ള പല സ്റ്റേഡിയങ്ങളും ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ വ്യായാമത്തിനും പ്രഭാതസായാഹ്ന നടത്തത്തിനും പൊതുപരിപാടികൾക്കുമൊക്കെ വിട്ടുകൊടുത്തിരിക്കുകയാണ്. സ്റ്റേഡിയങ്ങളുടെ മെയിന്റനൻസിന് ആവശ്യമായ തുകയ്ക്കുവേണ്ടിയാണ്പൊതുജനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിന് സംസ്ഥാന കായിക വകുപ്പ് അനുമതിനൽകിയിട്ടുള്ളതെങ്കിലും നിലവിൽ കല്യാണമണ്ഡപങ്ങൾ പോലെ വാടകയ്ക്ക് കൊടുക്കപ്പെടുകയാണ് പല സ്റ്റേഡിയങ്ങളും.

● മണിക്കൂറിന് 3500

ഡയറക്ടറേറ്റ് ഒഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സിന് കീഴിലാണ് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം. ഇവിടെ ഒൻപത് ബാഡ്മിന്റൺ കോർട്ടുകളാണുള്ളത്. ഒരു കോർട്ട് ഒരു മണിക്കൂർ വച്ച് ഒരു മാസത്തേക്ക് ഉപയോഗിക്കുന്നതിന് 3500 രൂപയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ ആറ് കോർട്ടുകൾ ജില്ലാ ബാഡ്മിന്റൺ അസോസിയേഷന് കുട്ടികൾക്ക് പരിശീലനം നൽകാനായി നൽകിയിരുന്നു. പുറമേ നിന്നുള്ളവരിൽ നിന്ന് വാങ്ങുന്ന അതേ 3500 രൂപയാണ്അസോസിയേഷനിൽ നിന്നും വാങ്ങുന്നത്. കുറച്ചുകാലം മുമ്പ് അസോസിയേഷന് നൽകിയിരുന്ന മൂന്ന് കോർട്ടുകൾ തിരിച്ചെടുത്തു. ഇപ്പോൾ മൂന്ന് കോർട്ടുകളിൽ മാത്രമാണ് അസോസിയേഷന്റെ പരിശീലനം.

●ബുക്കിംഗ് കോക്കസ്

പൊതുജനങ്ങളിൽ ബാഡ്മിന്റൺ കളിക്കാൻ താത്പര്യമുള്ള ആർക്കും കോർട്ട് ബുക്ക് ചെയ്യാം. ഒരു മാസത്തേക്കാണ് ബുക്കിംഗ്. എന്നാൽ ഈ സൗകര്യം ചിലർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണെന്നാണ് പ്രധാന പരാതി. സ്ഥിരമായി കളിക്കാനെത്തുന്ന ഒരു സംഘം ആളുകളെ നിയന്ത്രണത്തിലാണ് ബുക്കിംഗ്. ഈ കോക്കസിന് പുറത്തുള്ള ആരെങ്കിലും കോർട്ട് ബുക്ക് ചെയ്യാനെത്തിയാൽ ഒഴിവില്ല എന്ന ഒഴുക്കൻ മറുപടിയേ ലഭിക്കുകയുള്ളൂ.

കോർട്ടുകൾ ഒരിക്കലും ഒഴിവില്ലാതായിരിക്കാൻ കാരണം ഒന്നേയുള്ളൂ. ഓരോ മാസം 26-ാം തീയതി മുതൽ സ്റ്റേഡിയം അധികൃതരുടെ ഓഫീസ് ഫോണിൽനിന്ന് സ്ഥിരം ബുക്കിയുടെ ഫോണിലേക്ക് കാൾ ചെല്ലും. ''സർ, ഒന്നാം തീയതിയാണ് വീണ്ടും ബുക്ക് ചെയ്യാനുള്ള ഡേറ്റ്. സർ ഫീസടയ്ക്കുന്നില്ലെങ്കിൽപകരംആരുവന്നാണ്ഫീസടയ്ക്കുക'' എന്നതാണ് ചോദ്യം. മുൻ മാസം ബുക്ക് ചെയ്ത ആൾക്ക് എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ പകരക്കാരനെ നിശ്ചയിക്കാനുള്ള അവസരം അയാൾക്കുതന്നെ വിട്ടുകൊടുത്തുകൊണ്ടുള്ള ഉദ്യോഗസ്ഥരുടെ അഡ്ജസ്റ്റ്മെന്റാണിതെന്ന് സാരം. താനോ താൻനിശ്ചയിക്കുന്നവരോ മതിയെന്ന കോക്കസിന്റെ കൽപ്പന പാലിക്കപ്പെടാൻ സ്റ്റേഡിയത്തിലെ ജീവനക്കാരും കൂട്ടുനിൽക്കുന്നു. തടികൂടുന്നതിനെത്തുന്ന ഉന്നത സർക്കാർ ഉദ്യോഗസ്ഥരെ ചട്ടം പാലിക്കാൻ നിർബന്ധിക്കാനുമാവില്ലല്ലോ?

●കുട്ടികളുടെ കോച്ചിംഗ്

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കുട്ടികൾക്ക് സൗജന്യ പരിശീലനം നൽകുന്നതിനുള്ള സൗകര്യം ഇവിടെയില്ല. ശംഖുംമുഖം ജി.വി. രാജ ഇൻഡോർ സ്റ്റേഡിയത്തിലാണ് കൗൺസിൽ കോച്ചുമാരെ നിയോഗിച്ചിരിക്കുന്നത്. അവിടെ ഒരു കോർട്ടിലേക്ക് രണ്ട് കോച്ചുമാരെ നിയോഗിച്ചിട്ടുണ്ട്. അവരിൽ ഒരാളെ ഇവിടേക്ക് വിട്ടുതരാൻ ബാഡ്മിന്റൺ അസോസിയേഷൻ ആവശ്യപ്പെട്ടിട്ടും കൗൺസിൽ തയ്യാറായിട്ടില്ല.

ഇവിടെ ഇപ്പോൾ ലഭ്യമായിരിക്കുന്ന ഒരു കോർട്ടിൽ ബാഡ്മിന്റൺ അസോസിയേഷൻ 10 വയസുവരെയുള്ള കുട്ടികൾക്ക് 1000 രൂപഫീസ് വാങ്ങി പരിശീലനം നൽകുന്നുണ്ട്. അതിന് മുകളിലുള്ള കുട്ടികൾക്ക് 1500രൂപയാണ്ഫീസ്. കോർട്ട്വാടകയുംതങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന കോച്ചിന്റെ ശമ്പളവും നൽകാൻ വേണ്ടിയാണ് ഈ ഫീസ് വാങ്ങുന്നതെന്ന് അസോസിയേഷൻ പറയുന്നു. കോർട്ടുകൾ പാതി നിരക്കിനെങ്കിലും കിട്ടിയിരുന്നെങ്കിൽ കുട്ടികളിൽ നിന്ന് ഇത്രയും തുക വാങ്ങേണ്ടിവരില്ലായിരുന്നുവെന്നും അവർ പറയുന്നു.

● ഒരു മണിക്കൂറിന് പണമടച്ചാൽ ആറ് മണിക്കൂർ കളിക്കും

ഒരു മണിക്കൂർ നേരത്തേക്കാണ് ബുക്ക് ചെയ്യുന്നതെങ്കിലും പലരും അഞ്ചും ആറും മണിക്കൂറാണ് കളിക്കുന്നത്. ഓരോ കോർട്ടിലും ആരാണ് വരാതിരിക്കുന്നതെന്ന് കൃത്യമായി അറിയുന്നതിനാൽ ആ കോർട്ടുകളിൽ മാറിമാറി കളിക്കുകയാണ് പരിപാടി. ഇതറിയുന്ന ജീവനക്കാർ കൂട്ടുകൃഷിയിൽ പങ്കാളികളായി നിശബ്ദത പാലിക്കുന്നു.

● കോച്ചിംഗ് കൃഷി

ബുക്കിംഗ് കോക്കസിൽ പെട്ടവർക്ക് ഈ കോർട്ടുകളിൽ ബാഡ്മിന്റൺ കോച്ചിംഗും നൽകാം. അതിന് അംഗീകാരമുള്ള പരിശീലകനാവണമെന്ന് ഒരു നിർബന്ധവുമില്ല. ഇങ്ങനെ കുട്ടികളിൽ നിന്ന് പണം പിഴിഞ്ഞ് കോച്ചിംഗ് കൃഷിയും ഇവിടെയുണ്ട്. അവധിക്കാലത്താണ് ഇത് കൂടുതൽ.

● ജീവനക്കാരുടെ കളി

മിക്ക ദിവസവും ഉച്ചയൂണ് കഴിഞ്ഞ് സ്റ്റേഡിയത്തിലെ ജീവനക്കാരുടെ വക ബാഡ്മിന്റൺ കളിയുമുണ്ട്. ദേശീയ ഗെയിംസിന്റെ ഭാഗമായി വാങ്ങിക്കൂട്ടിയ ഷട്ടിലുകളാണ് ഇതിനായി ഉപയോഗിക്കുന്നത്.

● ആ കോർട്ടുകൾ എവിടെ?

ദേശീയ ഗെയിംസിന്റെ ഭാഗമായി ഷട്ടിലുകൾ കൂടാതെ കൃത്രിമ ബാഡ്മിന്റൺ കോർട്ടുകളും വാങ്ങിയിരുന്നു. എന്നാൽ ഈ കോർട്ടുകളിൽ മിക്കവയും ഇപ്പോൾ അപ്രത്യക്ഷമായിരിക്കുന്നു. ദേശീയ ഗെയിംസിന്റെ ഭാഗമായി വാങ്ങിയ മറ്റ് ഉപകരണങ്ങളുടെയും സ്ഥിതി ഇതുതന്നെ. ഉത്തരവാദിപ്പെട്ടവർ ഇതെല്ലാം അറിഞ്ഞിട്ടും കണ്ണടച്ച് ഇരുട്ടാക്കുന്നു.